പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 350 10. 03. 2015 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം ഉത്തരം

കെ.എസ്. സലീഖ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

<table>
<tr>
<td>(എ) കെ.എസ്.ഇ.ബി.യ്ക്ക് നിലവിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ്;</td>
<td>(എ) 31.12.2014 - ലെ കണക്കനുസരിച്ച് മുതൽ തുക 1699.90 കോടിയാണ് പിരിഞ്ഞു കിട്ടാനുള്ളത്.</td>
</tr>
<tr>
<td>(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര - സംസ്ഥാന - അർദ്ധ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങൾ - ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും; കുടിശ്ശിക തുക എത്രയെന്നും; വ്യക്തമാക്കാമോ;</td>
<td>(ബി) കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ<br>
<table>
<tr><td>1</td><td>സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ</td><td>113.20 കോടി</td></tr>
<tr><td>2</td><td>കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ</td><td>0.38 കോടി</td></tr>
<tr><td>3</td><td>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും</td><td>909.53</td></tr>
<tr><td>4</td><td>കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ</td><td>36.07 കോടി</td></tr>
<tr><td>5</td><td>തദ്ദേശ സ്ഥാപനങ്ങൾ</td><td>4.39 കോടി</td></tr>
<tr><td>6</td><td>സ്വയംഭരണ സ്ഥാപനങ്ങൾ</td><td>2.45 കോടി</td></tr>
<tr><td></td><td>ആകെ</td><td>1066 കോടി</td></tr>
</table>
സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.</td>
</tr>
</table>

| | |
|---|---|
| (സി) കടിശ്ശികയിനത്തിൽ എന്ത് തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട്; കടിശ്ശിക അടയ്ക്കുന്നതിൽ എന്ത് തുകയുടെ ഒഴിവാക്കൽ/ ഇളവുകൾ അനുവദിച്ചിട്ടുണ്ട്; | (സി) 31.12.2014 - ലെ കണക്കനുസരിച്ച് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുത ചാർജ്ജിനത്തിൽ കടിശ്ശിക വരുത്തിയിട്ടുള്ള മുതൽ തുക 615.99 കോടിയാണ്. ഇതിൽ 333.43 കോടി രൂപ വിവിധ കേസുകളിൽ ഉൾപ്പെട്ടു കിടക്കുകയാണ്. കടിശ്ശികയുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.<br>കടിശ്ശിക അടയ്ക്കുന്നതിന് 31.10.2014 - ലെ ഒറ്റത്തവണ തീർപ്പാക്കൽ ഉത്തരവു പ്രകാരം 5 വർഷത്തിനു മേൽ കടിശ്ശികയുള്ളതിന് പലിശ നിരക്ക് 24%/ 18% ത്തിൽ നിന്നും 6% ആയും 2 വർഷത്തിനു മുകളിൽ 5 വർഷത്തിനു താഴെ 18% ത്തിൽ നിന്നും 8% ആയും കുറവ് ചെയ്തിട്ടുണ്ട്. ഇതിനു 31.03.2015 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. |
| (ഡി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ചാർജ്ജ് കടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) 31.03.2011 - ലെ കണക്കനുസരിച്ച് 1191.01 കോടി രൂപയാണ്. |
| (ഇ) നിലവിൽ കെ.എസ്.ഇ.ബി.യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ? | (ഇ) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. കണക്കെടുപ്പ് പൂർത്തിയായ വൈദ്യുതി ബോർഡിന്റെ 01.04.2013 മുതൽ 31.10.2013 വരെയുള്ള താത്കാലിക കണക്കു പ്രകാരം പ്രതിമാസ വരവ് 737.78 കോടി രൂപയും പ്രതിമാസ ചെലവ് 838.80 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്